Extension Activities
2026-2027

Everest Media's Post

Everest Media
September 9 ·

അക്ഷരവെളിച്ചത്തിൽ നിന്ന് ഡിജിറ്റൽ സുരക്ഷയിലേക്ക്; കാഞ്ഞിയാർ ഗവ.ട്രൈബൽ സ്കൂളിൽ സാക്ഷരതാ ദിനം ആചരിച്ചു

സ്വരാജ് പബ്ലിക് ലൈബ്രറിയുടെ നേതൃത്വത്തിൽ കുട്ടിക്കാനം മരിയൻ കോളേജ് കമ്പ്യൂട്ടർ ബിരുദ വിദ്യാർത്ഥികൾ ഡിജിറ്റൽ സാക്ഷരതാ ശില്പശാല നയിച്ചു

കാഞ്ഞിയാർ: അക്ഷരജ്ഞാനത്തിന്റെ അതിരുകൾ കടന്ന് ഡിജിറ്റൽ ലോകത്തിന്റെ സാധ്യതകളിലേക്കും സുരക്ഷിതമായ സാങ്കേതികവിദ്യാ ഉപയോഗത്തിലേക്കും കുട്ടികളെയും കുടുംബങ്ങളെയും നയിച്ച് കാഞ്ഞിയാർ ഗവൺമെന്റ് ട്രൈബൽ എൽ.പി. സ്കൂളിൽ ലോക സാക്ഷരതാ ദിനാചരണമാചരിച്ചു .സ്വരാജ് പബ്ലിക് ലൈബ്രറിയുടെയും സ്കൂളിന്റെയും നേതൃത്വത്തിൽ കുട്ടിക്കാനം മരിയൻ കോളേജിലെ കമ്പ്യൂട്ടർ ബിരുദ വിദ്യാർത്ഥികളുടെ സഹകരണത്തോടെയാണ് ഡിജിറ്റൽ സാക്ഷരതാ ശില്പശാല സംഘടിപ്പിച്ചത്.

"ജനങ്ങൾക്കും ഭൂമിക്കും സമൃദ്ധിക്കും വേണ്ടിയുള്ള സാക്ഷരത" എന്ന UNESCOയുടെ 2026-ലെ ലോക സാക്ഷരതാ ദിന സന്ദേശം ഉയർത്തിപ്പിടിച്ചായിരുന്നു പരിപാടി. വായിക്കാനും എഴുതാനും അറിയുന്നതിൽ മാത്രം സാക്ഷരത ഒതുങ്ങുന്നില്ലെന്നും മാറിവരുന്ന കാലഘട്ടത്തിൽ സാങ്കേതികവിദ്യയെ ഫലപ്രദമായും സുരക്ഷിതമായും ഉത്തരവാദിത്തത്തോടെയും ഉപയോഗിക്കാനുള്ള കഴിവും സാക്ഷരതയുടെ ഭാഗമാണെന്നുമുള്ള സന്ദേശമാണ് പരിപാടിയിലൂടെ നൽകിയതെന്ന് പ്രധാനാധ്യാപിക ലിൻസി ജോർജ് അഭിപ്രായപ്പെട്ടു. ഡിജിറ്റൽ സാക്ഷരത കുട്ടികളിൽ മാത്രം ഒതുങ്ങാതെ കുടുംബങ്ങളിലേക്കും സമൂഹത്തിലേക്കും എത്തിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ക്ലാസുകളിൽനിന്ന് കുട്ടികൾ നേടുന്ന അറിവ് മാതാപിതാക്കളുമായും സമൂഹത്തിലെ മറ്റുള്ളവരുമായും പങ്കുവയ്ക്കുന്നതിലൂടെ "കുട്ടി പഠിക്കുന്നു, കുടുംബം പഠിക്കുന്നു, സമൂഹം ഡിജിറ്റലാകുന്നു" എന്ന ആശയമാണ് പ്രവർത്തനത്തിലൂടെ മുന്നോട്ടുവച്ചത്.



Extension Activities
2026-2027



